

# TECH BUZZ

## DIGITAL MAGAZINE

## G.H.S KANDALA

## LITTLE KITE 2019 - 20

# TECH BUZZ

**School Digital Magazine 2019-20**

**GOVT HIGH SCHOOL KANDALA**

**KANDALA, MARANALLOOR**

**THIRUVANANTHAPURAM-695512**

# H M - MESSAGE



*I am glad to know that Little Kites unit of Govt H S Kandala is launching a Digital Magazine titled "TECH BUZZ". I would like to congratulate all the members of our unit who worked hard behind this venture.*

# TECH BUZZ

## LITTLE KITE MAGAZINE

Publish by
Little Kite Govt HS
Kandala P.O

Revenue District
Thiruvananthapuram

Educational District
Neyyatinkara

Sub-District
Kattakada

Editor
Sheeba , Roshni

Sub editor
AFSAL

Typing
VAISHNAV

Photos
MAMAL

# ആശംസ

നീലാകാശത്തിൽ പാറിക്കളിക്കുന്ന തിളങ്ങുന്ന നക്ഷത്രങ്ങളാണ് കുഞ്ഞുങ്ങൾ അവരുടെ കരവിരുത് ഉയർത്തി കാണിക്കാനും നമ്മുടെ കണ്ടല വിദ്യാലയമുത്തശ്ശിയുടെ മടിത്തട്ടിൽ അറിവും വിവേകവും പകർന്ന് ഉന്നതങ്ങളിൽ എത്താനും *"TECH BUZZ" Digital Magazine* കഴിയട്ടെ.

രമകുമാരി വി.ആർ

ജില്ലാ പഞ്ചായത്ത് അംഗം

# സന്ദേശം-P T A President



GOVT H S Kandala school-ലെ Little kites -ന്റെ ആഭിമുഖ്യത്തിൽ തയാറാക്കിയ Digital magazine "Tech Buzz" ന് എല്ലാവിധ ആശംസകളും നേരുന്നു.അതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

അമീർ ഹുസൈൻ



# സീനിയർ അസിസ്റ്റന്റ്-ആശംസകൾ

നാകവും ചെമ്പും ചേരുംപടി ചേർന്നുണ്ടാകുന്ന വെങ്കലത്തെപ്പോലെ സമ്മോഹനമാണ് സർഗാത്മകതയും സാങ്കേതികവിദ്യയും കൈകോർക്കുന്ന ഡിജിറ്റൽ മാസികകൾ. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് (2019-2020) കുട്ടികാർ തയാറാക്കുന്ന "*TECH BUZZ*" ഡിജിറ്റൽ മാസികക്ക് വെങ്കലത്തിന്റെ കരുത്തും സ്വർണത്തിന്റെ മാറ്റും ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു

സ്നേഹപൂർവം.

നിഷാദ്. എസ്. കെ



## ആശംസകൾ- സ്റ്റാഫ് സെക്രട്ടറി

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യഭ്യാസം വളരുന്നത്. കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം ഇവയെല്ലാം വിദ്യാഭ്യാസത്തെ സമഗ്രമായി സ്വാധീനിക്കുന്നു. കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിഞ്ജാനം ആവശ്യമായിരുന്നില്ല. പുതിയ തലമുറയിൽ കമ്പ്യൂട്ടർ അറിയാത്തവർ നിരക്ഷരരായാണ് പരിഗണിക്കപ്പെടുന്നത് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക, ഭാരതത്തിന്റെ ഭാവിവാഗ്ദാനങ്ങളെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ വിശാലമായ ആകാശമണ്ഡലങ്ങളിലേക്കെന്ന പോലെ കുതിച്ച പായുന്ന എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ മാഗസിന്റെ അണിയറ പ്രവർത്തകർക്കും എന്റെ വാക്കുകളിൽ ഒതുങ്ങാത്ത ആശംസകൾ.

# EDITOR" S NOTE



*Today's world is the world of Science and Technology which creates wonders and bring miracles in our life. Little Kite is considered to be the largest student IT Network in the whole country. Little Kite IT club is a unique initiative of kite. Here students are trained in Animation, Malayalam Typing, Scratch, Mobile Apps, Robotics, Hardware & Electronics etc. As part of our activities of Little Kites club, the digital magazine "TECH BUZZ" is a humble initiative to make use of different techniques our members have acquired as part of their training.*

*I take this opportunity to impart our gratitude to our dearest H M Mrs. BINI.K.I for the whole hearted support. We also extend our gratitude to Nishad.s.k (Sr. Asst) for his support and valuable advice.*

*Finally let me thank all the teaching, Non-teaching staff & students who were behind this venture.*

TECH BUZZ

# ഉള്ളടക്കം


- സ്കൂൾ ചരിത്രം
- സ്കൂൾ തല പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- L K 2019-20 പ്രവർത്തന റിപ്പോർട്ട്
- ക്രിയേറ്റിവിറ്റി കോർണർ
- സസ്യലോകം
- സോഫ്റ്റ് വെയർ
- ശംഖ്
- കവിതകൾ
- ആസ്സാമിലേക്ക്

# കണ്ടല സ്കൂളിന്റെ ചരിത്രം

കണ്ടലയിലെ പഴമക്കാരിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ വിദ്യാലയം സ്ഥാപിതമായത് എ ഡി **1900** ലാണ്.119 വർഷങ്ങൾ പിന്നിട്ട ഈ വിദ്യാലയം രൂപപ്പെടുത്തിയെടുക്കാൻ സൗജന്യമായി സ്ഥലം നൽകിയത് കണ്ടലയിലെ പുരാതന നായർ തറവാട്ടിൽപ്പെട്ട **ശ്രീ കുമാരപിള്ള** എന്നിവരാണ്. ഇവർ നൽകിയ രണ്ടരയേക്കർസ്ഥലത്ത് 3 മുറികളുള്ള ഒരു പ്രൈമറി സ്കൂളായിട്ടാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. 1942 ൽ യു പി സ്കൂളായും 1982 ൽ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്തു.




**പ്രാദേശിക ചരിത്രം**

അതിഥി സൽക്കാരത്തിൽ വളരെ താത്പര്യമുള്ളവരായിരുന്നു കണ്ടലക്കാർ. അതിഥികളെ കണ്ടാലുടൻ ഇല വച്ച് സദ്യകൊടുക്കുമായിരുന്നു ഇവർ എന്നുപറയപ്പെടുന്നു. ഇവരുടെ ഈ ആതിഥ്യമര്യാദയിൽനിന്ന് ഉടലെടുത്ത കണ്ടാലുടൻ ഇല എന്നത് കാലക്രമത്തിൽ ലോപിച്ച് കണ്ടല ആയി മാറി. എന്നാൽമറ്റൊരു അഭിപ്രായവും നിലവിലുണ്ട്. നോക്കുന്ന സ്ഥലത്തെല്ലാം ഏലാകൾ ഉണ്ട് എന്നതിൽ നിന്നും കൺകണ്ട ഏല ഉണ്ടായി എന്നും അത് ലോപിച്ച് കണ്ടലയായി മാറി എന്നും കരുതപ്പെടുന്നു. കണ്ടല ലഹളയോളം പഴക്കമുള്ള ഒരു ചരിത്രപശ്ചാതലം ഈ സ്കൂളിനുണ്ട്. പുലയ സമുദായത്തിൽപ്പെട്ട പഞ്ചമിക്ക് പ്രവേശനം ലഭ്യമായെങ്കിലും സവർണ്ണസമുദായിക പ്രമാണിമാർസംഘടിച്ച് സ്കൂളും പഞ്ചമി ഇരുന്ന ബഞ്ചും ഒരു രാത്രി കൊണ്ട് തീ വച്ച് നശിപ്പിച്ചു. ഇതിന് നേതൃത്വം കൊടുത്തിരുന്നത് കണ്ടല പ്രദേശത്തുള്ള സവർണ്ണരായ ജന്മിമാരായിരുന്നു. തിരുവിതാംകൂർമഹാരാജാവിന്റെ ഉത്തരവ്

ഉണ്ടായിരുന്നിട്ടും പട്ടിക ജാതി പട്ടിക വർഗവിഭാഗത്തിൽപ്പെട്ട കുരുന്നുകളെ സ്കൂളിൽകയറ്റുവാനോ പഠിപ്പിക്കുവാനോ സവർണരായ ജന്മിമാർ അനുവദിച്ചിരുന്നില്ല. ഇതിനെ തുടർന്നുണ്ടായ ലഹളയിൽ പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട നിരവധിയാളുകൾ സവർണ മേധാവിത്വത്തിന്റെ കൊടിയമർദ്ദനത്തിനിരയായി. ഈ സ്കൂളിലെ ലഭ്യമായ രേഖകൾ പ്രകാരം കേശവൻപിള്ള(കോട്ടക്കുഴി വീട്,കണ്ടല പി ഒ) എന്ന വ്യക്തിയാണ് ആദ്യത്തെ വിദ്യാർത്ഥി. കേശവൻപിള്ളയുടെ വീട്ടുകാർ പിന്നീട് ഇവിടെ നിന്നും താമസം മാറിയതായി നാട്ടുകാരിൽനിന്നും അറിയാൻകഴിഞ്ഞു.

## ഭൗതികസൗകര്യങ്ങൾ

സ്കൂളിന് 12 കെട്ടിടങ്ങൾ ഉണ്ട്. 22 കമ്പ്യൂട്ടറുകൾ ലാബിൽ ഉണ്ട് 3500 ലധികം പുസ്തകങ്ങൾ ഉള്ള വായനശാല ഉണ്ട് സയൻസ് ലാബ് ഉണ്ട് വിശാലമായ ഗ്രൗണ്ട്  ഉണ്ട്.

# വിദ്യാലയ കാഴ്ചകൾ

**2019-20 ൽ സ്കൂളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ**



# ജൂൺ 19 വായനാദിനം




*GHS KANDALA*

TECH BUZZ

# ഹിരോഷിമദിനം



GHS KANDALA


TECH BUZZ

# LITTLE KITES- പ്രവർത്തന റിപ്പോർട്ട് (2019-20)

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ICT കൂട്ടായ്മയാണ് Little Kites. 2018 ലാണ് ഈ പദ്ധതി ആദ്യമായി ആരംഭിച്ചത് . High Tech ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചും പരിപാലനത്തെക്കുറിച്ചും, വിവിധ സോഫ്റ്റ് വെയറുകളെക്കുറിച്ചും മനസ്സിലാക്കാനുള്ള സുവർണ അവസരമാണ് കുട്ടികൾക്ക് ലഭിക്കുന്നത് . 2019-20 വർഷത്തെ Little Kites അംഗങ്ങളുടെ പരിശീലനം H M Bini Teacher ഉദ്ഘാടനം ചെയ്തു . എല്ലാ വ്യാഴാഴ്ചയും 3.30-4.30 വരെ പരിശീലനം നടന്ന് വരുന്നു.school തലത്തിലെ പ്രാഥമിക ക്യാമ്പിൽ Scratch, Video Editing എന്നിവയെക്കുറിച്ച് കാട്ടാക്കട സബ് ജില്ലാ Co-ordinator Satheesh Sir ക്ലാസ്സ് എടുക്കയുണ്ടായി. സങ്കീർണമായ കാര്യങ്ങൾ കുട്ടികളെ ധരിപ്പിക്കാൻ അദ്ധേഹത്തിന് സാധിച്ചു എന്ന് മാത്രമല്ല വിവരവിനിമയ സാങ്കേതിക വിദ്യയിൽ ജിജ്ഞാസ ജനിപ്പിക്കാനും അദ്ധേഹത്തിന് കഴിഞ്ഞു . 30 അംഗങ്ങളിൽ നിന്ന് 6 പേരെ സബ് ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കുകയുണ്ടായി. MIT App, Scratch തുടങ്ങിയവയിൽ അവർക്ക് പരിശീലന മികവ് തെളിയിക്കാൻ നടത്തിയ ഒരു പ്രവർത്തനമാണ് Digital Magazine നിർമ്മാണം ചുരുങ്ങിയ സമയം കൊണ്ട് സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവ് സ്വായത്തമാക്കാൻ കഴിഞ്ഞതാണ് Little Kite ന്റെ വിജയകരമായി കരുതുന്നത് .

GHS KANDALA

# ക്രിയേറ്റിവിറ്റി കോർണർ



*MAMAL. A. S*

*IX B*



PAVIN. P.S
IX A

# സസ്യലോകം

വ്യക്തമായ കോശഘടനയും കോശഭിത്തിയുമുള്ള ഹരിത സസ്യങ്ങളുടെ ഗ്രൂപ്പാണ് സസ്യലോകം. ആൽഗകൾ ,ബ്രയോഫൈറ്റുകൾ, ടെറിഡോഫൈറ്റുകൾ, ജിംനോസ്പേമുകൾ, ആൻജിയോസ്പേമുകൾ എന്നിങ്ങനെ പ്രകാശസംശ്ലേഷണത്തിന് കഴിയുന്ന ഹരിതക വർണകമുള്ള സസ്യങ്ങളാണ് സസ്യലോകത്ത് ഉൾപ്പെടുന്നത് .

## ബ്രയോഫൈറ്റുകൾ

സസ്യലോകത്തെ ഉഭയജീവികൾ എന്നറിയപ്പെടുന്ന ബ്രയോഫൈറ്റുകൾ ഈർപ്പവും തണലുമുള്ള കരയിലാണ് വളരുന്നത് .

## ടെറിഡോഫൈറ്റുകൾ

ഇന്ന് നമ്മൾ കാണുന്ന സപുഷ്പികൾക്ക് മുൻപ് ഭൂപ്രകൃതി അടക്കി വളർന്നതെന്നു കരുതപ്പെടുന്നതാണിവ .

## ജിംനോസ്പേമുകൾ

നഗ്നമായ വിത്തുകളുള്ള സസ്യങ്ങൾ എന്ന അർത്ഥത്തിലാണ് ഇവയ്ക്ക് ഈ പേരുണ്ടായത് . ജിംനോസ്പേമുകളിൽ പൂവും ഫലവും ഇല്ലാതെ വിത്തുമാത്രമാണ് ഉണ്ടാകുന്നത്  നിത്യഹരിത മരങ്ങളായ പൈൻ മരങ്ങളും ഏറ്റവും വലിയ സെക്കോയ മരങ്ങളും ഈ വിഭാഗത്തിൽ പെടുന്നവയാണ് .

## ആൻജിയോസ്പേമുകൾ (സപുഷ്പികൾ)

**ഭൂമി അടക്കിവാഴുന്ന മുൻനിര സസ്യങ്ങൾ . ജീവജാലങ്ങളുടെ നിലനിൽപിനും മുഖ്യപങ്ക് വഹിക്കുന്ന സസ്യവിഭാഗം. ശുദ്ധ ജല സസ്യങ്ങളായ താമരയും ആമ്പലും ഏറ്റവും ചെറിയ പൂവുണ്ടാകുന്ന വൂൾ ഫിയയും ഏറ്റവും വലിയ പൂവുണ്ടാകുന്ന റഫ്ലേഷ്യയും ഇതിൽപ്പെടും .**

## *IT @ School Gnu/ Linux 18.4 ല്‍ ഉള്‍പ്പെടുത്തിയിട്ടുള്ള പ്രധാനസോഫ്റ്റ് വെയര്‍*

1. *Libre Office Packages- Word, Spread sheet, Presentation, Database.*
2. *Gimp, Krita- Rastor Image Editing.*
3. *Synfig Studio- Dream SWF.*
4. *Open Shot, Kdenlive- Video Editing.*
5. *Inkscape- Vector Image Editing.*
6. *Audacity- Audio Editing.*
7. *GNU Khata- Accounting.*
8. *Calcium, PHET, Rasmol, ghemical, K star- Science.*
9. *Q GIS, G plates- Geographical Information System.*
10. *Geogebra- Mathematics.*
11. *Sunclock, Marble, K Geography- Geography.*
12. *Stellerium- Desktop planitorium.*
13. *G Compris, Pysio Game- Edutainment.*
14. *Scribus- D T P.*
15. *QT 5- Interphase Designer.*
16. *Geni, IDLE- Programming.*
17. *Scratch- Visual programming.*
18. *Firefox, Chromium- Web Browser.*
19. *GCC- Combainer.*
20. *Orca, G Image Reader-* കാഴ്ച്ച പ്രശ്നമുള്ളവര്‍ക്കുള്ള ടൂളുകള്‍.

TECH BUZZ

# ശംഖ്

കടലിന്നാരവം മുഴങ്ങുന്നുണ്ടുള്ളിൽ.
പ്രണവകാരമായി.
പള്ളിയുണർത്തട്ടെ
ഞാനീ ഓം കാരനാദത്തില്
ഉള്ളുറങ്ങികിടക്കും
പാർത്ഥ മാനസങ്ങളെ
പിടയുന്നുണ്ടുള്ളിലിപ്പോഴും
ആരോ ബലമായി അടർത്തിമാറ്റിയ
ജീവൻ
അനാഥമൊരു പുറംതോടിൽ
മുഴങ്ങുന്ന ദു:ഖസാഗരം'
അത് കേട്ട് പള്ളിയുണരുക
നിങ്ങൾ
ഗാഡീവം കുലച്ച്
പോരിനിറങ്ങുക.
കൊയിലേറ്റുകയെന്ന
സമ്പൽ സമൃദ്ധി തന്നടയാളമാക്കുക.
പാഞ്ചജന്യമായി പുനർജനിക്കട്ടെ
ഞാനായിരം കൃ ഷണശ്വാസങ്ങളിൽ
ഞെട്ടിയുണരുക
ഗാഢീ വ മോന്തുക
പോരിനിറങ്ങുക
പുറന്തോട്ടു കളാവുക
ഉള്ളിലേറ്റുക മണ്ണിനെ
ജലത്തിനെ ശുദ്ധമാം
പ്രാണവായുവിനെ
സംരക്ഷണത്തിൻ
ശംഖാവുക നീ
മുഴങ്ങുമെന്നുള്ളിൽ
പ്രകൃതിമാതാവിൻ
വിജയഗാഥകൾ.

GHS KANDALA

TECH BUZZ

## മരണ കാണ്ഡങ്ങൾ

പുകമറച്ചൊരാ കുന്നിൻ മുകളിലായ്
മകരമഞ്ഞിൽ കുളിച്ചതാം സൂര്യനെ
കരമുയർത്തി വണങ്ങാതെ പറ്റുമോ
പ്രഭ ചൊരിഞ്ഞു വിലസുന്ന വേളയിൽ.
പലയിടങ്ങളിൽ പാലകൾ പൂത്തതും
ചിലയിടങ്ങളിൽ വാകകൾ പൂത്തതും
തളിരിലകളിൽ മഞ്ഞുകണങ്ങളും
പ്രകൃതിയാകെ കുളിച്ചോരു ദേവത.
അരികിലായി മരത്തിന്റെ ശാഖയിൽ
കുയിലുപാട്ടും പുലരി സംഗീതവും
പുഴയിലയി കുളിക്കും പുൽനാമ്പിലും
മലമുകളിലെ ദേവന്റെ ചുമ്പനം.
ഋതുക്കളേറെക്കഴിഞ്ഞേഴു വർഷമായ്!
മലമുകളൊന്നു കാണുവാനാശയും .
പുതുവസന്തം വിരിഞ്ഞോരുവേളയിൽ
പഴയ കാഴ്ചകൾ കാണുവാൻ യാത്രയായ്.
പുക മറച്ചൊരാ കുന്നിൻ ശരീരമോ,
കുയിലുണർത്തും പുലരി സംഗീതമോ,
പലയിടങ്ങളിൽ പാലകൾ പൂത്തതോ -

യവിടെ കാണാൻ കഴിഞ്ഞില്ല വിസ്മയം!
പുഴ മരിക്കാൻ കിടക്കുന്നു ശയ്യയിൽ
കുഴിയെടുക്കുന്നിതാ മണൽ ഭൂമിയിൽ
ചിത കൊളുത്താനൊരുക്കുന്നു കൊള്ളികൾ
കുടമുടയ്ക്കാനടുക്കുന്നു കച്ചയും
മിഴിനനഞ്ഞങ്ങു ദിക്കുകൾ നിന്നതും
കടലു ദൂരെ കരയുന്ന ശബ്ദവും
പുലരി സൂര്യന്റെ തീക്കനൽ കോപവും
പ്രകൃതിയെന്നെ പഠിപ്പിച്ച പാഠങ്ങൾ!

തിരികെ മെല്ലെ നടക്കുമ്പോൾ വീഥിയിൽ
പുക മറച്ചൊരാ കുന്നിൻ ജഡത്തെയും
പല തരുക്കൾതൻ ജീർണ ശവങ്ങളും
പലയിടത്തിലെ ശോകമാം കാഴ്ചകൾ.
മരണ വാർത്തയറിയാതെ വന്നഞാനീ
വെറുതെയൊന്നു പറഞ്ഞുപോയിങ്ങനെ;
മരണ കാര്യ മറിയുവതെന്തിനാ ......
മനുഷ്യ ധർമ്മം മറക്കുന്ന വേളയിൽ!

ഹരിശ്ചന്ദ്രബാബു കാട്ടാക്കട

GHS KANDALA

# ആസാമിലേക്ക് ഒരിക്കൽ കൂടി

ജനിച്ച നാടുവിട്ട കലെയസ്സമിൽ "
പണിക്കു പോയവരും പരിഷകൾ
ഞങ്ങൾക്കീ
കുതിച്ചു തീവണ്ടി കിതച്ചു പായുന്ന
കുതുകാൽ ചിന്തകൾ കുതിക്കുന്നു മുമ്പേ
"പലനാളായി പിരിഞ്ഞിരുന്നു
മലനാടെത്രമേൽ മധുര ദർശനം

ആസാം പണിക്കാർ" എന്ന ഈ വൈലോപ്പിള്ളി " കവിത പുതിയ തലമുറക്കറിയില്ലായിരിക്കാം. ആസാം പണിക്കാരെന്നാൽ ഇവർക്ക് ആസാമിൽ നിന്ന് .കേരളത്തിലേക്ക് പണിയെടുക്കാൻ വന്നവരാണ് ആസാമിലെ തേയിലത്തോട്ടങ്ങളിൽ ഉദരത്തിൻ പശികെടുത്താൻ പോയവർ; ഹൃദയത്തിൻ വിശപ്പടക്കാനായി അമല നാടിന്റെ പഴയ മണ്ണിലേക്ക് മടങ്ങുന്നവർ; നാട് നരകമാക്കുന്ന നരകീടങ്ങളോട് കാലം പകരം വീട്ടട്ടെ എന്നു പറഞ്ഞവർ; ഇവിടെ സ്നേഹിപ്പാനിവിടെ യാശിപ്പാനിവിടെ ദുഃഖിപ്പാൻ .കഴിഞ്ഞതേ സുഖമെന്നാശിച്ചോർ

ഇതായിരുന്നു മലയാളി.... ഈ മലയാളി ഇന്നെവിടെ? ഈ മലയാളിയെ ഈയിടെ

നേരിൽകണ്ടു; ഒരു മുപ്പതു വർഷം പിന്തിരിഞ്ഞു നടന്ന് ഈ മലയാണ്മയെ തൊടാൻ സാധിച്ച ചില ആസാം കാഴ്ചകളാണ് ഈ ഓണക്കാലത്ത് എന്നിൽ .ഒപ്പമെത്തുന്നത്

ആസാമിൽ നിന്ന്, മലയാളത്തിൽ കവിത എഴുതുന്ന ബിപിലുമായുള്ള (ബിപുൽ റേഗൻ) സൗഹൃദമാണ് ഞങ്ങളെ (കൾച്ചറൽ കോളിംഗ്സ് .എന്ന യാത്ര സംഘത്തെ) ആസാമിലെത്തിച്ചത്

തുരുതുരെ കൊക്കും പറക്കും പാടങ്ങൾ

തുടരണി മണി കിലുങ്ങും മേടുകൾ

-മുടി വിടർത്താടും കവുങ്ങു തെങ്ങുകൾ

"ക്കിടക്കു പുഞ്ചിരി പൊഴിക്കും വീടുകൾ

കുട്ടിക്കാലത്ത്  കണ്ടു മറന്ന ഈ മലയനാടിനെ വീണ്ടും കാണാനായത് അങ്ങകലെ ആസാമിലെത്തിയപ്പോഴാണ്. കേരളവുമായി എന്തോ പൂർവകാല ബന്ധമുണ്ടെന്ന് തോന്നിപ്പിക്കുന്ന ആകാര സാദൃശ്യമുള്ളവർ. (ഗോത്ര ജനതയൊഴികെ. അവർ മംഗളോയിഡ് വംശജരാണ്) ആളുകളുടെ പെരുമാറ്റ രീതികളിലും പഴയകാല കേരളീയത നിറഞ്ഞു നിൽക്കുന്നു. കേരളത്തെപ്പോലെ തന്നെ അരി മുഖ്യാഹാരമായിട്ടുള്ളവർ. എപ്പോഴും താംബൂലം ചവച്ചുകൊണ്ട് സ്നേഹാർദ്രമായി സംസാരിക്കുന്നവർ. . നിരത്തിലെങ്ങും മുണ്ടും നേര്യതിനും സമാനമായ

വസ്ത്രം ധരിച്ച സ്ത്രീകൾ...അവർതന്നെ സ്വന്തം ഗ്രഹങ്ങളിൽ നെയ്തെടുത്ത ചഡർ മേഘലയാണത്. എല്ലായ്പ്പോഴും തെരുവിൽ ഓടിയുരുളുന്ന സൈക്കിളുകളിൽ സ്ത്രീകളും, പുരുഷന്മാരും, .കുട്ടികളും

നല്ല വെളുത്ത പഞ്ചാരമണൽ പാകിയ മുറ്റവും തൊടിയും. അതിരായി നിൽക്കുന്ന ജൈവ വേലികളിൽ നിറയെ ശംഖുപുഷ്പങ്ങൾ വിരിഞ്ഞു നിൽക്കുന്നു. മുക്കുറ്റിയും തുമ്പയും കണ്ണാന്തളിയുമൊക്കെ വിടർന്നു നിൽക്കുന്ന തൊടികളും കണ്ടു. മടക്കയാത്രയിൽ കണ്ണെത്താദൂരത്തോളം നിരന്നു കിടക്കുന്ന തുമ്പക്കാടുകൾ തന്നെ ! എങ്ങു നിറയെ വെളുത്ത .തുമ്പപ്പൂക്കൾ ചിരിച്ചു നിൽക്കുന്നു

ചിലയിടത്തെല്ലാം മുളങ്കമ്പുകൾ ചേർത്തുവെച്ച് വേലികെട്ടിയും വേലികളൊന്നുമില്ലാതെ തന്നെയും വേർതിരിക്കപ്പെട്ട പുരയിടങ്ങളില്ലെല്ലാം ഒന്നിലധികം കുളങ്ങൾ.  കൂട്ടത്തിലാരോ തമാശയായി പറഞ്ഞു " ഇവിടെ സ്ത്രീധനം കൊടുക്കുന്നത് കുളങ്ങളാണെന്ന്" ശരിക്കും ഒരു മുപ്പതു വർഷം മുൻപത്തെ കേരളം തന്നെ. ഒരു കുട്ടിക്കാല സ്വപ്നം പോലെ തോന്നി. ഈ കേരളത്തെയാകെ കോരിക്കൊണ്ടുവന്ന് ഇവിടെ തിരികെ വെക്കണമെന്ന് തോന്നി. ഒരിക്കൽ കൂടി ആ

തൊടികളിലോടി നടന്ന് തുമ്പയും മുക്കുറ്റിയും പറിച്ച്
.ഓണപ്പൂക്കളം തീർക്കാൻ തോന്നി

ധാരാളമായി വളരുന്ന മുളയാണ് മറ്റൊരാകർഷണം. ഇത് ആസാം ജനതക്ക് ജീവനോപാധികൂടിയാണ്. മുളകൊണ്ടാണിവർ ജീവിതത്തിന്റെ അലകും പിടിയും മെനഞ്ഞെടുക്കുന്നത്. റോഡരികിലെ വൃക്ഷങ്ങളുടെ സംരക്ഷണ കവചമായും എന്തിനേറെ, പാതവക്കിലെ ചവറ്റുകുട്ടയായി ഉപയോഗിക്കുന്നത് പോലും മുളകൊണ്ട് മനോഹരമായി നെയ്തെടുത്ത കുട്ടകളാണ്. എടുത്തു കൊണ്ടുവരാൻ തോന്നുന്നത്ര .ആകർഷമായവ

ജല സമ്പന്നമാണ് ആസാം. ആസാമിന്റെ ജൈവ സമൃദ്ധിക്ക് കാരണവും ഇതുതന്നെ വേനൽക്കാലത്തും വർഷക്കാലത്തും ഏറെ എക്കലൊഴുക്കി കൊണ്ടുവരുന്ന ആസാമിനെ ..സമ്പുഷ്ടമാകുന്ന ബ്രഹ്മപുത്ര യുടെ പുണ്യം

ബ്രഹ്മപുത്ര-ഇന്ത്യയിലെ 'ഏക ആൺ' നദി ആസാമിന്റെ ദുഃഖമെന്ന ചീത്തപ്പേരു കൂടിയുള്ള നദി. അടിക്കടിയുള്ള ഗതിമാറ്റങ്ങൾ കൊണ്ട് പേരുകേട്ടവനത്രെ ഈ പുരുഷ നദി! ഈ ഗതിമാറ്റങ്ങൾ പലപ്പോഴും ആസാമിന്റെ കണ്ണുനീരും !വിലാപവുമായി മാറുന്നതങ്ങനെയാണത്രേ

ബ്രഹ്മപുത്രയാൽ വലയം ചെയ്യപ്പെട്ട മജൂലി ദ്വീപ്. ബിപുലിന്റെ ജന്മഗേഹം. ആസാമിലെ 'മിസ്സിംഗ്' എന്ന ഗോത്ര വർഗ്ഗത്തിൽ പെട്ടവരാണിവർ. മുളങ്കമ്പുകളിൽ പൊക്കി നിർത്തിയിരിക്കുന്ന വീടുകൾ ചിലപ്പോഴൊക്കെ കോപക്രാന്തനാകുന്ന ബ്രഹ്മപുത്രയെ തടുക്കാനത്രേഇത!. ഏത് പ്രതിസന്ധിയും തരണം ചെയ്ത് ജീവിക്കാനുള്ള ചങ്കുറപ്പ് ഉള്ളവരാണ് മിസിംഗ് ജനത അനിശ്ചിതത്വത്തിന്റെ സങ്കീർണ്ണത നിറഞ്ഞ അത്രയൊന്നും ആസൂത്രണം ചെയ്യാനാവാത്ത ജീവിതമാണിവരുടേത്. ബ്രഹ്മപുത്രയുടെ ഗതിയനുസരിച്ച് തങ്ങളുടെ ജീവിതവും ഏതു നിമിഷവും മാറിമറിയാമെന്ന ഉറപ്പിൽത്തന്നെ ജീവിതം കൊരുക്കുന്നവർ. എന്നിട്ടും തിരക്കുകളില്ലാത്ത സൗമ്യഭാവം സൂക്ഷിക്കുന്നു. ഏറെയാകർഷിച്ചത് സ്വന്തം ഗൃഹങ്ങളിൽ നെയ്തെടുക്കുന്ന ഇവരുടെ വസ്ത്രങ്ങളാണ്. പാചകങ്ങളും വീട്ടു ജോലികളും കഴിഞ്ഞാൽ സ്ത്രീകൾ മുഴുവൻ സമയവും നെയ്ത്തു ജോലിയിലാണ്. മുളങ്കാലുകളിൽ പൊക്കി നിർത്തിയിരിക്കുന്ന വീടുകളുടെ താഴെയുള്ളിടത്താണ് തുണിനെയ്യാനുള്ള തറികൾ സ്ഥാപിച്ചിരിക്കുന്നത്. കുടുംബത്തിലെ മുഴുവൻപേർക്കും ആവശ്യമുള്ള വസ്ത്രങ്ങൾ ഇവർ ഇവിടെ നെയ്തെടുക്കുന്നു. കുടുംബത്തിലേക്ക്

കടന്നു വരുന്ന അതിഥിയെ സ്വീകരിക്കുന്നത് ഈ .തറികളിൽ നെയ്തെടുത്ത ഷാൾ പുതപ്പിച്ചാണ്

കേരളത്തിൽ നിന്നുള്ള ഒരു 37 അംഗ സംഘമായിരുന്നു ഞങ്ങളുടേത്. കേരളത്തിലെ എട്ടു ജില്ലകളിൽ നിന്നുള്ള കുടുംബങ്ങൾ-അധ്യാപകർ, നാടക പ്രവർത്തകർ, സിനിമ മേഖലയിൽ പ്രവർത്തിക്കുന്നവർ ഫോട്ടോ ഗ്രാഫർമാർ, ചിത്രകാരമാർ എന്നിവരടങ്ങിയ ഒന്നര വയസ്സുകാരി മുതൽ 69 വയസു വരെയുള്ളവർ ഉൾപ്പെട്ട സംഘം. ജോർകഹട്ട കേന്ദ്രീകരിച്ച് എഴുത്തുകാരെയും ഭാഷാ സാംസ്കാരിക പ്രവർത്തകരെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന 'പർവേശ് ഹുസൈൻ' എന്ന നിരൂപകന്റെ ആശയം കൂടിയായിരുന്നു ഞങ്ങളുടെ .സംഘത്തിന്റെ ആസാം ഈ യാത്ര

അവിടെ ചില സാംസ്കാരിക പരിപാടിയിൽ നമ്മൾ പങ്കെടുക്കുമെന്നും കുട്ടികൾ ഉൾപ്പെടെ മലയാളത്തിലൊരു നാടകം ചെയ്യണമെന്നുമൊക്കെ ചില ചർച്ചകൾ സംഘത്തിൽ വന്നതുമൂലം യാത്രക്ക് മൂന്ന് ദിവസം മുൻപ് സംഘത്തിലെ നേതാവായിരുന്ന ഡോ.കേ.എസ് വാസുദേവന്റെ ഗൃഹത്തിൽ ഞങ്ങളൊന്നിച്ചു കൂടിയിരുന്നു. രണ്ടു ദിവസം എല്ലാവരും പാട്ടും കളിയും വർത്തമാനവുമായി കൂടിയതല്ലാതെ നാടകത്തിലേ ക്കൊന്നും കടക്കാനായില്ല. എങ്കിലും നാടകത്തിനു വേണ്ട ചില

രംഗ സജ്ജീകരണങ്ങൾക്കാവശ്യമായ 'അസംസ്കൃത വസ്തുക്കൾ' ശേഖരിച്ച് കൂട്ടത്തിലുള്ളവർ ചില തയ്യാറെടുപ്പുകൾ നടത്തിയിരുന്നു. ട്രെയിൻ കേരളത്തിൽ നിന്ന് പുറപ്പെട്ടതു മുതൽ നേരം കളയാനായി ആ കലാകാരൻമാർ വിമാനവും കിളികളും മുഖം മൂടികളും മറ്റും ചമയങ്ങളുമൊക്കെ ഉണ്ടാക്കുന്നതു കണ്ടിരിക്കാൻ എല്ലാവർക്കും .രസമായിരുന്നു

എന്നാൽ ജോർഹട്ടിൽ തീവണ്ടിയെത്തിയപ്പോൾ ഒരു പത്രം ഉയർത്തിക്കാട്ടി ഞങ്ങളെ കാത്തിരിക്കുന്ന ആസാം സംഘത്തിലേക്ക് ഞങ്ങളിറങ്ങി. അന്നത്തെ അസം പത്രത്തിന്റെ ഒരു ഹാഫ് പേജ് നിറയെ കേരളത്തിലെ കലാകാരൻമാർ ആസാം സന്ദർശിക്കുന്ന വാർത്ത. ഞങ്ങളവതരിപ്പിക്കാൻ പോകുന്ന മലയാള നാടകത്തിന്റെ വിവരണവും പങ്കെടുക്കാനിരിക്കുന്ന മറ്റ് സാഹിത്യ പരിപാടികളുടെയും കുട്ടികളുടെ പരിപാടിയുമൊക്കെ .വിശദാംശങ്ങൾ സഹിതം

അപ്പോഴാണ് ഇത് കളിയല്ല കാര്യമെന്ന് സംഘത്തിന് ബോധ്യമായതും അന്ന് താമസിച്ചിരുന്ന ലോഡ്ജിൽ വച്ച് നാടക റിഹേഴ്സൽ തുടങ്ങിയതും രണ്ടാം ദിവസം നാടകവും കലാപരിപാടികളും സാഹിത്യ സദസ്സും വിജയകരമായി പൂർത്തിയാക്കി .ഞങ്ങൾ ആശ്വസിച്ചു

TECH BUZZ

അടുത്ത ദിവസങ്ങളിൽ ആസാമിന്റെ ഗ്രാമ ജീവിതമന്വേഷിച്ചുള്ള യാത്രകളിലായി. ഏകദേശം 12 .ദിവസത്തോളം

ആസാമിന്റെ രാഷ്ട്രീയ പശ്ചാത്തലവും അത് ജനജീവിതത്തിൽ സൃഷ്ടിക്കുന്ന അരാജകത്വവും അനിശ്ചിതത്വവും വിസ്മരിക്കുന്നില്ല. എങ്കിലും കെട്ടുകാഴ്ചകളില്ലാതെ ഇടപെടുന്ന കുറെ ഗ്രാമീണ മനസ്സുകളുമായി സംവദിക്കാനായതിന്റെ .സന്തോഷങ്ങൾ ഒരിക്കലും മറക്കാനിടയില്ല തീർച്ച

യാത്ര അവസാനിക്കാറായിരിക്കുന്നു കുട്ടിക്കാലത്ത് പാഠപുസ്തകങ്ങളിലൂടെ ഏറെ കേട്ട് പരിചയിച്ച സ്ഥലമാണ് ചിറാപുഞ്ചി .ചിറാപുഞ്ചി യിലെ മഴ നനയാൻ ആഗ്രഹമായിരുന്നു. ആ .യാത്രാനുഭവം കൂടി ഇവിടെ പങ്കുവെക്കട്ടെ

യാത്രയുടെ അവസാനദിനമാണ് ചിറാപുഞ്ചി സന്ദർശന ത്തിനായി മാറ്റിവെച്ചത്. ആസ്സാമിൽ അടിക്കടിയുള്ള അപ്രഖ്യാപിത ബന്ദുകൾ ഞങ്ങളുടെയാത്രയെ സാരമായി ബാധിച്ചില്ലായെങ്കിലും ചില അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. ഹാപ്പി ഹർത്താൽ ആശംസിച്ച് ബന്ദും ഹർത്താലും ആഘോഷിക്കുകയും, ആശംസിക്കുകയും ചെയ്യുന്ന 'കേരളീയരായ 'ഞങ്ങൾ ബന്ദ് നിത്യ ജീവിത പ്രയോഗികതയായി .അംഗീകരിച്ച അസ്സാമികളോട് അസൂയപൂണ്ടു

GHS KANDALA

തലേന്നത്തെ  അരുണാചലിൽനിന്നുള്ള  നീണ്ട, ഒരുപക്ഷേ ,ചരിത്രപ്രസിദ്ധമാകുമായിരുന്ന യാത്ര! തുള വീണ്കേടായ  ഡീസൽടാങ്കിനു  പകരം ബസിനുള്ളിൽ വച്ച  പ്ലാസ്റ്റിക് ഡ്രമ്മിൽ നിന്ന് നേരിട്ട് ഡീസൽ ഉപയോഗപ്പെടുത്തിയ, അതിലുപരി കൂറമണക്കുന്ന , ഒട്ടലുണ്ടാകുന്ന,പഴകിപ്പൊളിഞ്ഞ അരുണാചൽ സ്റ്റേറ്റ് ബസിലെ  മറക്കാനാവാത്ത യാത്രയുടെ ക്ഷീണവുമായി  ഞങ്ങൾ തിരിച്ച് ഗോഹട്ടിയിലെത്തി. ഇനി  കഷ്ടിച്ച്  ഒരുപകൽ കൂടിയേയുള്ളു. നാളെ രാവിലെയാണ് നാട്ടിലേക്കുള്ള .ട്രെയിൻ

യാത്രയിലുടനീളം  സംസാരവിഷയമായിരുന്നു  ചിറാപുഞ്ചി. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമെന്ന് സാമൂഹ്യശാസ്ത്ര പുസ്തകത്തിലൂടെ നാമറിഞ്ഞ നാടാണല്ലോ ചിറാപുഞ്ചി. എന്നാൽ ആഖ്യാതി  മൗസിൻറാം തട്ടിയെടുത്തെന്നും  ചിറാപുഞ്ചിയിൽ ഒന്നും കാണാനില്ലെന്നും  സംഘത്തിലെ  കുറച്ചുപേർ. അവിടെ  പോയേപറ്റൂ എന്ന വാശിയിൽ മറ്റുചിലർ. രണ്ടിലും  പെടാത്ത ചിലർക്ക്  തേസ്പുരിൽ ഷോപ്പിംഗ്  നടത്തണമെന്ന ദുരുദ്ദേശവും. എന്തായാലും  രാത്രി പതിനൊന്നരയോടെ ടീംലീഡറുടെ  അറിയിപ്പ്  വന്നു. അതിരാവിലെ .ചിറാപുഞ്ചിലേക്കു  പുറപ്പെടുന്നു

ഏഴു സഹോദരിമാർ [seven sisters] എന്നറിയപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നായ മേഘാലയ കൂടി കാണാമെന്നും അവിടെനിന്ന് ബംഗ്ലാദേശ് കാണമെന്നുള്ള മോഹം പ്രതിസന്ധിക്കു വിരാമമിട്ടുകൊണ്ട് സംഘത്തെ ഒന്നിച്ചു നിർത്തി. കഴിഞ്ഞ മൂന്നുവർഷത്തെ യാത്രക്കിടയിൽ ചൈന, പാക്കിസ്ഥാൻ ബോർഡറുകൾ കണ്ടു. ഇനി .ബംഗ്ലാദേശുമാവട്ടെ

ഗോഹട്ടിയിൽ നിന്നും യാത്രതിരിച്ചതുമുതൽ മേഘാലയിലേക്കു വരികയും പോവുകയും ചെയ്യുന്ന ട്രക്കുകളുടെ നീണ്ട നിര ശ്രദ്ധയിൽ പെട്ടു. ഗോഹട്ടി തികച്ചും ഒരു വ്യാവസായിക പട്ടണം തന്നെ. അവിടെ നിന്ന് ചിറാപുഞ്ചിയിലേക്കുള്ള പാതയിൽ എന്തിനാണീത്രയധികം ട്രക്കുകൾ? അതിശയിച്ചു. ഷിലോങ്ങ് പിന്നിട്ടു മേഘാലയ ബോർഡർ എത്തിയപ്പോൾ തന്നെ ടയർ കരിയുന്നതു പോലുള്ള മണമാണ് എതിരേറ്റത് പിന്നീടാണ് ചിറാപുഞ്ചിയിലെ കൽക്കരിപ്പാടങ്ങളിൽ നിന്നാണ് മണമെന്നതും ട്രക്കുകൾ നിരയായി വന്നതിന്റെ .രഹസ്യവും മനസ്സിലായത്

ഏറ്റവുമധികം മഴപെയ്യുന്ന പ്രദേശമെന്നതും ലോകത്തിലെ ഒന്നാമത്തെ വൈറ്റ്ലാൻഡ് എന്നും അറിയപ്പെട്ടിരുന്ന ചിറാപുഞ്ചിയുടെ ഇപ്പോഴത്തെ പ്രത്യേക ആകർഷണം സിമന്റ് ഫാക്ടറി

കളിലേക്കുള്ള  കൽക്കരി ഖനനമാണ് .ഭൂരിഭാഗം ക്വാറികളും അനധികൃതമാണത്രെ!. മേഘാലയയെ സുന്ദരമാക്കുന്ന, മഴയിൽ ഒന്നാംസ്ഥാനത്തു നിർത്തുന്ന കുന്നുകളെ ഒന്നൊന്നായി കൽക്കരിക്കു വേണ്ടി തുരന്നെടുക്കുകയാണ് അവർ! മേഘാലയയുടെ പ്രധാന വരുമാനമാർഗം പ്രകൃതിപ്രതിഭാസങ്ങളാൽ മണ്ണിനടിയിൽപ്പെട്ട .പലതരം ധതു സമ്പത്തുകളാണ്

സമയക്കുറവുമൂലം ഷില്ലോങ്ങിൽ ഇറങ്ങാതെ നേരെ ചിറാപുഞ്ചിയിലേക്കു പോയി.യാത്ര സംഘത്തിലെ ഒരു കുടുംബം കൂടെയുള്ള രണ്ടരവയസുകാരിയുടെ ആരോഗ്യസ്ഥിതി പരിഗണിച്ചു ചിറാപുഞ്ചിയുടെ മഞ്ഞും മഴയും ഉപേക്ഷിച്ചു ഷില്ലോങ്ങിലിറങ്ങി. അവർക്കു ചിറാപുഞ്ചി നഷ്ടമായപ്പോൾ അവിഭക്ത ആസ്സാമിന്റെ തലസ്ഥാനമായ ഷില്ലോങ് നഗരം ഞങ്ങൾക്കും നഷ്ടമായി. സംഘത്തിന്റെ ലക്ഷ്യം ഇപ്പോൾ ഒന്നായി, ഒന്നുമാത്രമായി. ചിറാപുഞ്ചിയിലെ മഴ കാണുക, .മഴനനയുക, ആസ്വദിക്കുക

ആദ്യമിറങ്ങിയത് ചിറാപുഞ്ചിയിലെ പ്രസിദ്ധമായ “നോഹ് കലികായി” വെള്ളച്ചാട്ടത്തിലേക്കാണ്.മൂടൽമഞ്ഞു നിറഞ്ഞതിനാൽ കാഴ്ച്ച തടസ്സപ്പെട്ടു. ഞങ്ങൾ വെറുതെ പലയിടത്തായി നടന്നു. കല്ല് ശേഖരി

ക്കുന്നവർക്കും മണ്ണ് ശേഖരിക്കുന്നവർക്കും അതിന്റെ തിരക്കായി അല്പസമയത്തിനുശേഷം മേഘങ്ങൾ വഴിമാറിത്തന്നു. കണ്ടു മതിവരാതെ .ഏറെനേരം ഞങ്ങളവിടെത്തന്നെ നിന്നു

നോഹ് കലികായി വെള്ളച്ചാട്ടത്തിന് കഥ ഞങ്ങളെ അമ്പരപ്പിച്ചു നോഹ് കലികായി എന്നു പേരുള്ള ഒരു സ്ത്രീ തന്റെ ആദ്യ വിവാഹത്തിലെ മകളുമായി പുതിയ ഭർത്താവുമൊത്തു താമസിച്ചുവരികയായിരുന്നു ജോലി കഴിഞ്ഞ് ക്ഷീണിതയായി തിരിച്ചെത്തിയ ഭാര്യയെ അമ്പരപ്പിച്ചു കൊണ്ട് ഭർത്താവ് വിഭവസമൃദ്ധമായ ഭക്ഷണം വിളമ്പി. രുചികരമായ സദ്യയുണ്ട ശേഷം വെറ്റിലച്ചെല്ലത്തിൽ സ്വന്തം മകളുടെ കൈവിരലുകൾ. മനംനൊന്ത യുവതി മലമുകളിൽനിന്ന് താഴേക്ക് ചാടിയത്രേ. ആ സ്ഥലത്തിന് യുവതിയുടെ പേര് ലഭിച്ചത് അന്ന് മുതലാണ്. എത്ര കണ്ടാലും മതിവരാത്ത കാഴ്ചകൾ മേഘങ്ങൾ നിരങ്ങി .നീങ്ങുന്നതനുസരിച്ച് മാറി വരുന്നു

പിന്നീട് പ്രസിദ്ധമായ 'മൗസുമി' ഗുഹയിലേക്ക് ഞങ്ങൾ പോയി. ചുണ്ണാമ്പുകല്ലുകൊണ്ടുള്ള പ്രകൃതിദത്തമായ ഗുഹ. ടിക്കറ്റെ ടുത്ത് ഞങ്ങൾ അകത്തു കയറി. ഗുഹക്കത്ത് ധാരാളം ആളുകളുണ്ടാ യിരുന്നതു കൊണ്ടു മാത്രം ഭയം തോന്നിയില്ല. ഇടുങ്ങിയ വഴിയിലൂടെ ഒരാൾക്കേ ഒരു

സമയം നടക്കാനാവൂ എന്നതിനാൽ വരിയായി
അനുസരണയോടെ നടന്നു. ഇരുട്ടു
കൂടുതലുള്ളിടത്ത് ഇലക്ട്രിക്ക് ലൈറ്റുകൾ
പ്രകാശിപ്പിച്ചിട്ടുണ്ട്. വഴുക്കലുള്ളിടത്ത്
കൈവരികളും. സ്വാഭാവികത നഷടപ്പെടുമെന്നു
വിമർശനാത്മകമായി ഉരുവിട്ടെങ്കിലും
!യാത്രക്കാർക്ക് വിളക്കുകൾ ആശ്വാസം തന്നെ

ഒരു വഴിയിലൂടെയുള്ള യാത്ര അവസാനിച്ചത്
ഗുഹയുടെ മറ്റൊരു വാതിലിലാണ്. ആദ്യമെത്തിയവർ
മറ്റുള്ളവരെ പേടിപ്പിക്കാ നായി ചാടിവീണത്
.കൗതുകകരമായിരുന്നു

ഗ്രോയിങ് ബ്രിഡ്ജസ്' എന്ന പ്രകൃതിദത്തപാലം'
കാണണമെന്ന് അതിയായി മോഹിച്ചെങ്കിലും അത്
വളരെ ദൂരെയന്നെന്നറിഞ്ഞതിനാൽ ആ
ശ്രമമുപേക്ഷിച്ച്. ഗ്രീൻ പാർക്ക് എന്ന
പുൽമൈതാനം കാണാനായി പോയി.
അവിടെയിറങ്ങിയപ്പോൾ നല്ല മഴ! റെയിൻകോട്ട്
എടുത്തവരും അല്ലാത്തവരുമൊക്കെ മഴയിലിറങ്ങി ,
പാർക്കിലൂടെ നടന്നു. അവിടെ ഒരു മൂലയിൽനിന്ന്
ബംഗ്ലാദേശ് കാണാം. മൂടൽമഞ്ഞ് കാരണം
നന്നായി കാണാനാ യില്ലെങ്കിലും നിരാശ
തോന്നിയില്ല. കുട്ടികളെ പാർക്കിലെ സ്ഥിരം
ഊഞ്ഞാലിനും സീസോക്കും വേണ്ടി ധൃതികൂട്ടാൻ
തുടങ്ങി. മഴയ്ക്ക് ശക്തികൂടി. നല്ലൊരു മഴനൃത്തം

നടത്താൻ ശ്രമിച്ചെങ്കിലും നേരം വൈകിയെന്ന കണ്ണുരുട്ടൽ കണ്ടു പേടിച്ചു എല്ലാവരും വാഹനങ്ങളിൽ തിരിച്ചു കയറി പതിവു പോലെ പലരും കടകളിലേക്ക് ഊളിയിട്ട് 'പൈതൃകവസ്തുക്കൾ' തിരയുന്നിൽ ശ്രദ്ധ കേന്ദ്രികരിച്ചു. മഴപെയ്തപ്പോൾ എല്ലാ കടക്കാരും .ഷട്ടർ താഴ്ത്തി മഴയെ സ്വാഗതം ചെയ്തു

മുന്നറിയിപ്പില്ലാതെ സ്ഥിരമായി മഴ പെയ്യുന്ന ഒരു പ്രദേശമായിട്ടും മഴയെ ചെറുക്കാൻ കെട്ടിടങ്ങൾക്കൊന്നും റെയിൻ ഷെയ്ഡുകൾ കണ്ടില്ല! മഴപെയ്താൽ കടയടക്കുക വീട്ടിൽ പോവുക. ഇതാണ് രീതി. അവിടത്തെ വീടുകളുടെ ഘടനയും അമ്പരപ്പിച്ചു. വസ്ത്രങ്ങൾ ഉണങ്ങാനിടാൻ പോലും പ്രത്യേക സജ്ജീകരണങ്ങളൊ ന്നുമില്ലാത്ത സാധരണവീടുകൾ. ചാറ്റൽ മഴയത് ആറിയിട്ട വസ്ത്രങ്ങൾ എപ്പോഴോവരാനിരിക്കുന്ന വെയിൽ കാത്തിരിക്കുന്നു!. ധാരാളം മഴപെയ്യുന്ന പ്രദേശങ്ങളിലെല്ലാം മഴയെചെറുക്കാനല്ല, മഴയെ ഉൾക്കൊള്ളാ നാണ് മനുഷ്യൻ ശ്രമിക്കുന്നത്. എന്നത് കൗതുകകരമാകുന്നു

ആടിയും പാടിയും എലിഫെന്റ് ഫാൾസിലെത്തി. ജനക്കൂട്ട ത്തെയാണവിടെ കണ്ടത് വലിയ കാഴ്ചാനുഭവമൊന്നുമില്ലാത്ത ഒരു സാധാരണ

വെള്ളച്ചാട്ടം. ടിക്കറ്റും ക്യാമറ ടിക്കറ്റുമൊക്കെയെടുത്തു ഇളിഭ്യരായി തിരിച്ചുപോന്നു. കാളക്കൊമ്പുകളിൽ മെഴുകു പോലെയുള്ളവസ്തു ഉരുക്കിയൊഴിച്ചുണ്ടാക്കിയ കൗതുകവസ്തുക്കൾ മനോഹരമായി. ചിലരൊക്കെ അവസ്വന്തമാക്കുന്നതിന് മത്സരിച്ചു. മടക്കയാത്രയിൽ 'എയറനോട്ടിക്കൽ പാർക്ക്' വണ്ടിയിലിരുന്ന് കണ്ടു. ഇനിയും പുറപ്പെട്ടില്ലെങ്കിൽ നാളെ 6 മണിക്കുള്ള ട്രെയിൻ കിട്ടില്ലെന്നുവന്നപ്പോൾ കണ്ട കാഴ്ചകൾ മനോഹരം. കാണാത്തവ അതിലും മനോഹരമെന്നു മനസിലുരുവിട്ട് തിരികെപോന്നു. മുളകൊണ്ടുണ്ടാക്കിയ കുഞ്ഞുകൂടകൾ വിലപേശലിലൂടെ കൈക്കലാക്കിയ ശേഷം കൊടുത്ത 500 രൂപ നോട്ടിന്റെ ബാക്കി വാങ്ങാൻ .മറന്ന നഷ്ടബോധവും ഒപ്പം പോന്നു

ചിറാപുഞ്ചി നഷ്ടപ്പെടുത്തിയെങ്കിൽ പക്ഷെ, .അതാകുമായിരുന്നല്ലോ വലിയ നഷ്ടം

അങ്ങനെ വീണ്ടും മടക്കയാത്രക്കുള്ള തീവണ്ടി കേറിയപ്പോൾ തീവണ്ടി നിറയെ ആസാം യാത്രികർ! അവരുടെ പറുദീസയായ കേരളത്തിലേക്ക് സ്വപ്നങ്ങൾ കൊയ്യാൻ വരുന്നവർ! ഞങ്ങളോടൊപ്പം ആടിയും പാടിയും അവരും

ജനിച്ച നാടുവിട്ടകലെ കേരളത്തിൽ

TECH BUZZ

**പണിക്കു പോകുന്ന പരിഷകൾ ഞങ്ങൾ**

**വൈലോപ്പിള്ളി കവിത ഞങ്ങളിങ്ങനെ തിരുത്തി**

GHS KANDALA

TECH BUZZ



GHS KANDALA

# <u>**Gratitude Deep from the Heart**</u>

*I express my sincere gratitude to all who supported us for bringing up a successful magazine "TECH BUZZ".*

*Thank you is the best prayer that any one can say. I say a lot.*

*Editor*

# നന്ദി

## ലിറ്റിൽ കൈറ്റ് ഗവ:എച്ച് എസ് കണ്ടല